# തിരുത്തൽ ലഭിക്കുമ്പോൾ താഴ്മയോടെ സ്വീകരിക്കുക

## ദാവീദും ബത്ത്-ശേബയും (ഭാഗം 2)

**നിർദേശങ്ങൾ:** ശാന്തമായ ഒരു സ്ഥലത്ത് ഇരുന്ന് ഈ അഭ്യാസം ചെയ്യുക. തിരുവെഴുത്തുകൾ വായിക്കുമ്പോൾ സംഭവങ്ങൾ നേരിട്ട് കാണുന്നതായി സങ്കല്പിക്കുക. രംഗങ്ങൾ ഭാവനയിൽ കാണുക, ശബ്ദങ്ങൾ കേൾക്കുക. കഥാപാത്രങ്ങളുടെ വികാരങ്ങൾ തൊട്ടറിയുക. അങ്ങനെ ആ വിവരണം ജീവനുള്ളതായിത്തീരട്ടെ.
**മുഖ്യകഥാപാത്രങ്ങൾ:** ദാവീദ്, നാഥാൻ
**ചുരുക്കം:** ഗുരുതരമായ ഒരു പാപം ദാവീദിനോടു ക്ഷമിച്ചെങ്കിലും അനന്തരഫലങ്ങൾ അനുഭവിക്കണമായിരുന്നു.

### 1 ഈ രംഗം ഒന്ന് ഭാവനയിൽ കാണുക.—2 ശമുവേൽ 12:1-24.

നാഥാന്റെ മുഖഭാവം ഭാവനയിൽ കാണാൻ കഴിയുന്നുണ്ടോ, വിശദീകരിക്കുക.

ദരിദ്രനായ മനുഷ്യന്റെയും ആടിന്റെയും കഥ ഏതു ശബ്ദഭാവത്തോടെയാണ് നാഥാൻ പറയുന്നതെന്ന് നിങ്ങൾക്ക് കേൾക്കാൻ കഴിയുന്നുണ്ടോ?

7-9 വരെയുള്ള വാക്യങ്ങളിലെ വിവരങ്ങൾ അവതരിപ്പിച്ചപ്പോൾ നാഥാന്റെ ശബ്ദത്തിൽ എന്തു വ്യത്യാസമാണ് നിങ്ങൾക്ക് കേൾക്കാൻ കഴിയുന്നത്?

### 2 ആഴത്തിൽ കുഴിക്കുക.

ദാവീദിനോട് കാര്യങ്ങൾ അവതരിപ്പിക്കുന്നതിനു മുമ്പ് നാഥാൻ നന്നായി തയ്യാറെടുത്തിരിക്കാൻ സാധ്യതയുള്ളത് എന്തുകൊണ്ട്?

ദാവീദിനെ കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കാൻ നാഥാൻ ഈ ദൃഷ്ടാന്തകഥ ഉപയോഗിച്ചത് എന്തുകൊണ്ട്?

ദാവീദിന്റെ ന്യായബോധത്തെ നാഥാൻ എങ്ങനെയാണ് ഉണർത്തിയത്? ദാവീദിനോട് പശ്ചാത്തപിക്കാൻ നേരിട്ട് ആവശ്യപ്പെടുന്നതിനു പകരം ഈ സമീപനം കൂടുതൽ ഫലപ്രദമായിരുന്നത് എന്തുകൊണ്ട്?

യഹോവ ദാവീദിനോട് പെട്ടെന്നു ക്ഷമിച്ചതായി ഒരുപക്ഷേ തോന്നിയേക്കാം. *(13-ാം വാക്യം വീണ്ടും വായിക്കുക.)* നമുക്ക് കാണാൻ കഴിയാത്ത എന്താണ് ആളുകളിൽ യഹോവയ്ക്ക് കാണാനാകുന്നത്?

ദാവീദിന് അനുഭവിക്കേണ്ടിവന്ന അനന്തരഫലങ്ങൾ ഉചിതവും ന്യായവും ആയിരുന്നെന്ന് നിങ്ങൾക്ക് തോന്നുന്നത് എന്തുകൊണ്ട്? *(10-12,14 വാക്യങ്ങൾ വീണ്ടും വായിക്കുക.)*



www.jw.org © 2017 Watch Tower Bible and Tract Society of Pennsylvania

## 3 പഠിച്ചതു പ്രാവർത്തികമാക്കുക.

പഠിച്ച കാര്യം എഴുതുക. . .

താഴ്‌മ ആവശ്യമായിരിക്കുന്നതിന്റെ കാരണം. ____________

____________

പാപത്തിന്റെ അനന്തരഫലം. ____________

____________

യഹോവയുടെ കരുണ. ____________

____________



## 4 നിങ്ങളോടുതന്നെ ചോദിക്കുക.

എനിക്കു ബുദ്ധിയുപദേശമോ ശാസനയോ ലഭിച്ച സാഹചര്യങ്ങളുണ്ടോ? ____________

____________

തിരുത്തൽ ലഭിക്കുമ്പോഴുള്ള എന്റെ പ്രതികരണത്തിൽ ഏതെല്ലാം വിധത്തിൽ പുരോഗതി വരുത്താം? ____________

____________

ബുദ്ധിയുപദേശമോ ശാസനയോ യഹോവയുടെ സ്‌നേഹത്തിന്റെ ഒരു തെളിവാണെന്ന് പറയാവുന്നത് എന്തുകൊണ്ട്? (സൂചന: എബ്രായർ 12:5, 6 വായിക്കുക.)

____________

____________

ഈ വിവരണത്തിലെ ഏതു ഭാഗമാണ് എനിക്ക് കൂടുതൽ ബാധകമാകുന്നത്, എന്തുകൊണ്ട്? ____________

____________

____________

**ചെയ്‌തുനോക്കൂ:** ഈ സംഭവത്തിന് വ്യത്യസ്‌തമായ ഒരു അവസാനം ഭാവനയിൽ കാണുക. ദാവീദ് കുറ്റം നിഷേധിക്കുകയും നാഥാനെ ശിക്ഷിക്കാൻ മുതിരുകയും ചെയ്‌തിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നെന്ന് എഴുതുക. അപ്പോൾ യഹോവ ദാവീദിനെ എങ്ങനെ ന്യായംവിധിക്കുമായിരുന്നു?

JW.ORG™
ഈ പിഡിഎഫ് jw.org-ൽനിന്ന് ഡൗൺലോഡ് ചെയ്യുക



www.jw.org © 2017 Watch Tower Bible and Tract Society of Pennsylvania